കെ.പി. ജോർജ് (ബജാ.).



എടത്തല അൽ അമീൻ കോളേജ് കൊമേഴ്സ് വിഭാഗം, എൻ.സി.സി., കോളേജ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച 'പുസ്തകസഞ്ചി' പഠനോപകരണ വിപണനമേള ജി.സി.ഡി.എ. ചെയർമാൻ വി. സലിം ഉദ്ഘാടനം ചെയ്യുന്നു

# പുസ്തകസഞ്ചി വിപണനമേള ആരംഭിച്ചു

**ആലുവ** ▸ എടത്തല അൽ അമീൻ കോളേജ് കൊമേഴ്സ് വിഭാഗം, എൻ.സി.സി., കോളേജ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'പുസ്തകസഞ്ചി' പഠനോപകരണ വിപണനമേള ആരംഭിച്ചു. എടത്തല സഹകരണ ബാങ്കിന്റെ സഹകരണത്തോടെ ചൂണ്ടി അഗ്രിമാർക്കറ്റ് കെട്ടിടത്തിലാണ് വിപണനമേള സംഘടിപ്പിച്ചിട്ടുള്ളത്.

കുറഞ്ഞവിലയിൽ പഠനോപകരണങ്ങൾ ഇവിടെ ലഭിക്കും. ലാഭവിഹിതം നിർധന വിദ്യാർഥികളുടെ പഠനസഹായത്തിന് ഉപയോഗിക്കും. ജി.സി.ഡി.എ. ചെയർമാൻ വി. സലിം വിപണനമേള ഉദ്ഘാടനം ചെയ്തു. എടത്തല സഹകരണ ബാങ്ക് പ്രസിഡൻറ് സി.എം. അബ്ദുൾ സിയാദ് മുഖ്യാതിഥിയായി. പ്രിൻസിപ്പൽ പ്രൊഫ. എം.ബി. ശശിധരൻ അധ്യക്ഷത വഹിച്ചു. ബാങ്ക് സെക്രട്ടറി എം.പി. റഫീക്ക്, എൻ.സി.സി. ഓഫീസർ ഡോ. ഡിനോ വർഗീസ് എന്നിവർ സംസാരിച്ചു.

Scanned by CamScanner